# വയലാർ രാമവർമ്മ സാഹിത്യ അവാർഡ് 1977

സെക്രട്ടറി
**വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ്**
മെഡിക്കൽ കോളേജ് പി. ഒ.
തിരുവനന്തപുരം–695011

4/10/'77

(21)

1977ലെ വയലാർ രാമവർമ്മ സാഹിത്യ അവാർഡിന് പരിഗണിക്കപ്പെടുന്ന അഞ്ചു പുസ്തകങ്ങളും ഞാൻ പരിശോധിച്ചു. അവയ്ക്ക് താഴെ കാണിച്ചിട്ടുള്ള മുൻഗണനാക്രമം നൽകുന്നു. കൃതികളെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകാരന്റെ മൊത്തം സാഹിത്യസംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലുംകൂടെ ചേർത്തിട്ടുണ്ട്.

സ്ഥലം കൊച്ചി, ഒപ്പ്

തീയതി 22-9-77 പേര് സി. പി. നായർ

P.T.O.

ഒന്നാം റാങ്ക് (First Rank)

(1) കൃതിയുടെ പേര് — ഗ്രന്ഥകർത്താവിന്റെ പേര്

യന്ത്രം — മലയാറ്റൂർ രാമകൃഷ്ണൻ

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലും

ഉന്നതമായ കലാസൃഷ്ടി, കലാകാരന്റെ വൈയക്തികമായ അനുഭൂതികളുടെ സത്യസന്ധവും ആത്മാർത്ഥവുമായ ആവിഷ്കാരമായിരിക്കണമെന്ന്, കാലദേശനിരപേക്ഷമായ മൗലികസത്യത്തിന്റെ ദീപ്തനിദർശനങ്ങളാണ് മലയാറ്റൂർ രാമകൃഷ്ണന്റെ നോവലുകളും ചെറുകഥകളും. ഉദാത്തവും ഉന്നതവും, വൈവിധ്യം നിറഞ്ഞതും, തന്റെ ജീവിതാനുഭവങ്ങൾ കല്പനയുടെ രസശാലയിൽ പുടപാകം ചെയ്ത് തെളിവും മിഴിവുമേകി, സരളവും, ഋജുവും ഹൃദ്യവുമായ ശൈലിയിൽ ആവിഷ്കരിക്കുക എന്നതാണ് അദ്ദേഹത്തിന്റെ സങ്കേതം. രാമകൃഷ്ണന്റെ അനുഭൂതിസമ്പത്ത് വിപുലമാണ്; ജീവിതാവബോധം സൂക്ഷ്മവും സ്വാംശീകൃതവുമാണ്; ഉൾക്കാഴ്ച നിശിതമാണ്; ജീവിതത്തോടുള്ള സമീപനം ആത്മാർത്ഥതയും സഹാനുഭൂതിയും നിറഞ്ഞതാണ്. സർവ്വോപരി, സാമൂഹികമായ ഒരു സമഗ്രമായ ബുദ്ധിയും, പ്രതിജ്ഞാബദ്ധമായ സത്യസന്ധതയും രാമകൃഷ്ണന്റെ കൃതികളിൽ ആദ്യന്തം വ്യക്തമാകുന്നു.

"യന്ത്രം" എന്ന ശ്രദ്ധേയമായ കൃതിയെ ഈ ദശകത്തിലെ ഏറ്റവും ശ്രദ്ധേയമായ മലയാള നോവലുകളിലൊന്നാക്കുന്ന് ചേർന്ന പ്രത്യേകതകൾ പലതുണ്ട്. അതിന്റെ മുഖ്യമായ ഒരു സവിശേഷത, വളരെയേറെ കാലിക പ്രാധാന്യമുള്ളതും 'ബുദ്ധിജീവി' കളെന്നു സ്വയം വിശേഷിപ്പിക്കുന്ന വിഭാഗത്തിന്റെ ഗൗരവബുദ്ധിയോടുകൂടിയുള്ള പഠനത്തിന് ഇനിയും വിഷയീഭവിച്ചിട്ടില്ലാത്ത ഒരു പ്രമേയത്തെ അറിയുന്ന, മലയാളത്തിലെ ആദ്യത്തെ സമഗ്രമായ ആഖ്യാനമാണെന്ന വസ്തുതയത്രേ. സിവിൽ സർവ്വീസിലെ 'ബ്യൂറോക്രാറ്റ്' മാർ, മന്ത്രിമാർ ഉൾപ്പെട്ട ഭരണാധികാരികൾ എക്സിക്യൂട്ടീവ്, പൊതുജനങ്ങൾ എന്ന ദ്വന്ദ്വ സിന്ധുക്കളെ പരസ്പരം സന്ധിപ്പിക്കുന്ന ഒരു ത്രികോണമാണ് അതിന്റെ പശ്ചാത്തലം. സിവിൽ സർവ്വീസിൽ മാത്രമല്ല പൊതുജീവിതത്തിന്റെ എല്ലാ മേഖലകളിൽ നിന്നും വളരെ വേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ആദർശനിഷ്ഠ, 'യന്ത്ര'ത്തിന്റെ ദുർവാരമായ ഭ്രമണത്തിൽപ്പെട്ടു തകർന്നുപോകുന്ന ദൃശ്യം ഇവിടെ ശക്തമായ, സമുജ്ജ്വലമായ ഒരു ചിത്രമാണ്. പാത്രരചനയിൽ കൈവന്ന ദർശനവ്യഗ്രത, കഥാതന്തുവിന്റെ ഏകതാനതയ്ക്കിടയിൽ ഹാസ്യത്തിന്റെ ഉപയോഗം, ഒരു നോവലെന്ന നിലയിൽ "യന്ത്ര"ത്തിന്റെ സ്ഥാനം വളരെ ഉയർന്നതാണ്; ശ്രദ്ധേയമായ ഒരു സാമൂഹിക-രാഷ്ട്രീയ രേഖയെന്ന നിലയിലും, അതിന്റെ പ്രാധാന്യവും.

ബി. രണ്ടാം റാങ്ക് (Second Rank)

(1) കൃതിയുടെ പേര് — അഗ്നിസാക്ഷി

ഗ്രന്ഥകർത്താവിന്റെ പേര് — ലളിതാംബിക അന്തർജ്ജനം

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലും

ഭാവനയുടെ വശ്യദീപ്തി, ആദർശത്തിന്റെ സൗരഭ്യം, തികഞ്ഞ ലക്ഷ്യബോധം, ജീവിതത്തിലെ വൈവിധ്യത്തോടുള്ള സഹതാപപൂർണ്ണമായ സമീപനം — ഇവയൊക്കെയാണ് അന്തർജ്ജനത്തിന്റെ സർഗ്ഗപ്രതിഭയുടെ ലക്ഷണമായി. സ്വസമുദായത്തിലെ ക്രൂരമായ ദുരാചാരങ്ങളെയും അന്ധവിശ്വാസജടിലതകളെയും തലമുറകളായി ആവരണം ചെയ്തിരുന്ന ആഢ്യത്വത്തിന്റെ [illegible] തകർക്കയും, നിശിതമായ വിമർശനത്തിലൂടെ അവയുടെ ഉന്മൂലനത്തിന് പ്രേരണ നൽകുകയും ചെയ്യുന്ന, ഉദ്ബുദ്ധമായ മനസ്സിന്റെയും സാമൂഹിക പരിഷ്കരണവ്യഗ്രതയുടെയും ഓജസ്സുറ്റവും ശാലീനവുമായ ശൈലി അവരുടെ കൃതികളിൽ ദർശിക്കാം. സാമൂഹിക ജീവിതത്തെപ്പറ്റിയുള്ള ഉൽക്കടമായ അവബോധത്തോടൊപ്പം, മനുഷ്യമനസ്സിന്റെ നിഗൂഢമേഖലകളെക്കുറിച്ചുള്ള പരിജ്ഞാനവും അവർ പ്രകടമാക്കുന്നു.

ദേവകി മാനമ്പിള്ളി എന്ന ദുഃഖപുത്രിയുടെ കഥയായ "അഗ്നിസാക്ഷി"യിൽ പരിപക്വമായ പ്രതിഭയുടെ മിഴിവോടെ, ഈ സവിശേഷതകളൊക്കെ ദീപ്തമായി തെളിഞ്ഞുനിൽക്കുന്നു. കഥ പറയുന്നതിനിടയിൽ അദൃശ്യമായ ആവേശത്തോടെ പ്രസംഗിച്ചുപോവുക, കഥാപാത്രങ്ങളെ തെല്ലൊന്നാദർശവത്കരിക്കുക എന്നീ ന്യൂനതകളൊഴിവായാൽ, ഈ നോവൽ അന്തർജ്ജനത്തിന്റെ ആത്മാവിനെ ഹൃദ്യമായി, ശക്തമായി പ്രതിഫലിപ്പിക്കുന്നു. കർശനമായ അഗ്നിപരീക്ഷകളിൽക്കൂടി കടന്ന്, "ഉലയിലൂതിയ പൊന്നുപോലെ" അമാനുഷികമായ ഒരു വിശുദ്ധിയുൾക്കൊണ്ട്, ആദർശത്തിന്റെ ആജ്ജ്വലമായ ദീപശിഖ ഉയർത്തിപ്പിടിച്ചുകൊണ്ട് സമുന്നതയായി പുനർജ്ജനിക്കുന്ന 'തേതിക്കുട്ടി', മലയാള കഥാപ്രപഞ്ചത്തിലെ അവിസ്മരണീയയായ ഒരു വീരനായികയാണ്. തങ്കം നായരുടെ ദിനക്കുറിപ്പുകളിൽക്കൂടി അവതരിപ്പിക്കപ്പെടുന്ന അവരുടെ കഥ ഒരു ഭാവഗാനത്തിന്റെ മാധുര്യവും ഒരു മഹാകാവ്യത്തിന്റെ ഗാംഭീര്യവും ഒപ്പിയെടുക്കാൻ അന്തർജ്ജനത്തിനു കഴിയുന്നു.

**സി. മൂന്നാം റാങ്ക് (Third Rank)**

| (1) കൃതിയുടെ പേര് | ഗ്രന്ഥകർത്താവിന്റെ പേര് |
| --- | --- |
| അയ്യപ്പപ്പണിക്കരുടെ കൃതികൾ | അയ്യപ്പപ്പണിക്കർ |

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷ നിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും.

മലയാളത്തിലെ ആധുനിക കവിതയുടെ ഏറ്റവും ശ്രദ്ധേയനായ പ്രണേതാവാണ് അയ്യപ്പപ്പണിക്കർ. അദ്ദേഹം കവിതയെഴുതിത്തുടങ്ങിയ അമ്പതുകളിൽ കവിതാരംഗത്ത് ഏറ്റവും ശക്തമായ സ്വാധീനമായിരുന്നു ചങ്ങമ്പുഴ. പണിക്കരുടെ ആദ്യകാല കവിതകൾ വൃത്തവിന്യാസത്തിലും താളലയാനുബദ്ധതയിലും ആ സ്വാധീനം പ്രകടമാണ്. പക്ഷേ ആധുനിക ജീവിതത്തിന്റെയും ആധുനിക മനുഷ്യന്റെ ചിന്താസത്വത്തിന്റെയും സങ്കീർണ്ണതയും യാന്ത്രികത്വവും ശൂന്യതയും ശക്തമായും അഭിവ്യഞ്ജിപ്പിക്കുന്നതിന് ചങ്ങമ്പുഴയുടെ കാല്പനികശൈലി തികച്ചും അപര്യാപ്തമാണെന്ന് കണ്ട് പണിക്കർ പുതിയ പരീക്ഷണങ്ങളിലേക്ക് തിരിഞ്ഞു; രൂപത്തിലും ഭാവത്തിലും തികച്ചും മൗലികവും നൂതനവുമായ ഒരു കാവ്യസരണി ആവിഷ്കരിക്കുകയും ചെയ്തു.

പണിക്കരുടെ കവിതയിലെ 'ആധുനികത' സ്വീകരിക്കപ്പെടുന്നത് പാശ്ചാത്യരുടെ ഉപരിതലസ്പർശികളായ സങ്കേതങ്ങളിലല്ലെന്നത് ശ്രദ്ധേയമായ ഒരു പ്രത്യേകതയാണ്. പദങ്ങൾക്കുള്ള സാമാന്യമായ വാച്യാർത്ഥബോധത്തിനപ്പുറം, അവയുടെ ആന്തരികസത്ത അനുവാചകന്റെ ബോധമണ്ഡലത്തിൽ ഗോചരീഭവിപ്പിക്കുക; അതായത് "അനുഭവം പരിണാമിയായ പ്രപഞ്ചസത്തയെ തന്റെ കാവ്യശരീരത്തിൽ ആവാഹിച്ചിട്ടും അതൊരു നൈവേദ്യം പോലെ അനുവാചകഹൃദയത്തിൽ നിപതിപ്പിക്കുക." ഉദ്ദീപിക്കുക — ഇതാണ് പണിക്കരുടെ സമീപനം. ഈ ഉദ്ദേശ്യത്തോടെ, പദം, വൃത്തം, താളം, ഇവയുടെയെല്ലാം സാധ്യതകൾ പരമാവധി അദ്ദേഹം പ്രയോജനപ്പെടുത്തുന്നു. ദേശഭാഷാ വിചാരധാരകൾ ചിത്രീകരിക്കുന്ന, സാമാന്യസങ്കല്പത്തിനന്യമായ കവിതയിൽ, പ്രത്യേക ചിന്താശേഷം, സാർവദേശീയ ഭാഷാതലത്തിലെ സാഹിത്യ ചിത്രകാരന്മാരുടെ 'കൊളാഷ്' കളെ (collage) അനുസ്മരിപ്പിക്കുന്ന, സങ്കീർണ്ണതയും വിരുദ്ധസ്വഭാവവുമായ ഒരു ശില്പമാണ് പണിക്കരുടെ കവിത. ഇക്കാരണം കൊണ്ടും, വികാരാവേശത്തോടെ പ്രത്യക്ഷത്തിൽ കടന്നുവരുന്ന ശബ്ദാവലിയും ആസ്വാദകന് ദുരൂഹത അനുഭവപ്പെടുത്തുന്നത്. വെറും 'ബുദ്ധിപരത' യിലേക്ക് വഴുതിവീഴാൻ അപകടകരമായ സാധ്യതയുണ്ടെന്ന് പണിക്കരുടെ കവിതകളിലും പല്ലവികളിൽ ഇല്ലാതില്ല — 'കുരുക്ഷേത്രം', 'ഉരുട്ട്', 'പകൽ' എന്നീ കവിതകൾ നോക്കുക.

ഡി. നാലാം റാങ്ക് (Fourth Rank)

(1) കൃതിയുടെ പേര് — ഇനി ഞാനുറങ്ങട്ടെ

ഗ്രന്ഥകർത്താവിന്റെ പേര് — പി. കെ. ബാലകൃഷ്ണൻ

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷ നിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും

"ഇതിഹാസോപജീവിയായ നോവൽ" എന്നാണ് ബാലകൃഷ്ണൻ തന്റെ കൃതിയെ വ്യവഹരിച്ചു നിർദ്ദേശിക്കുന്നതെങ്കിലും, വ്യാസമഹാഭാരതം എന്ന ഇതിഹാസത്തിന്റെയോ, സാമ്പ്രദായിക വിവക്ഷയിൽപ്പെടുന്ന നോവലിന്റെയോ അംശങ്ങൾ ഏറെയും അതിലുണ്ടെന്ന് പറയാനാവില്ല. കുട്ടികൃഷ്ണമാരാരുടെ സുഘടിതവും അന്വർത്ഥനാമധേയവുമായ "ഭാരതപര്യടനം" ആണ് ബാലകൃഷ്ണൻ തന്റെ പുനരാഖ്യാനത്തിനു മാതൃകയായി സ്വീകരിച്ചിരിക്കുന്നത്. പക്ഷേ ഭാരതത്തിന്റെ ആധിഷ്ഠാനശിലയായ ധർമ്മദർശനത്തെ അറിഞ്ഞോ, അതിലെ ഭാവനോന്മീലകമായ കഥാപാത്രങ്ങളെ അറിഞ്ഞോ മാരാർ പ്രദർശിപ്പിക്കുന്ന അദ്ഭുതാവഹമായ ഉൾക്കാഴ്ച ബാലകൃഷ്ണന്റെ കൃതിയിൽ വിരളമായിട്ടേ കാണാനുള്ളൂ. കഥാപാത്രങ്ങളുടെ മാനസികവ്യാപാരങ്ങളും കഥാഗതിയുടെ ദുർജ്ഞേയമായ അംശങ്ങളും അപഗ്രഥിക്കുന്നതിൽ മാരാർ കാണിക്കുന്ന അസാധാരണമായ [illegible] സൂക്ഷ്മദർശിത്വവും ഔചിത്യബോധവും, അദ്ദേഹത്തിന്റെ ഉപന്യാസശൈലിയുടെ കനമായ വാഗ്യാഥാർത്ഥ്യവും മാരാരുടെ കൃതിക്ക് മഹാഭാരതത്തിന്റെ അത്യുജ്ജ്വലമായ ഒരു വ്യാഖ്യാനത്തിന്റെ പദവി നൽകുന്നു. "നാമൂലം ലിഖ്യതേ കിഞ്ചിത്, നാനപേക്ഷിതമുച്യതേ" എന്ന് അദ്ദേഹത്തിനു സധൈര്യം അവകാശപ്പെടാം. ബാലകൃഷ്ണന്റെ കൃതിയിലാകട്ടെ, ഉപദിഷ്ടനും ദേവവ്രതനും യുധിഷ്ഠിരനും കർണ്ണനുമൊക്കെ വെറും സാധാ ഭാവുകന്മാരാകുന്നു. "എന്റെ ജീവിതം ഒരു തികഞ്ഞ പരാജയമാണ് മകനേ" എന്ന് വിലപിക്കുന്ന ഭീഷ്മപിതാമഹനും, "അഭിലാഷങ്ങളും പ്രതീക്ഷകളും പാഴായി കഴിഞ്ഞു" എന്ന് ആത്മഗതത്തിൽ മുഴുകുന്ന ഉപദിഷ്ടനും, വ്യാസന്റെ ഭാവനയിൽ ഉയിർക്കൊണ്ട, ഗാംഭീര്യവും ശൗര്യവും 'ദുഃഖദേവതാദർശന'വും ഉപേക്ഷപ്പെടുന്ന, ആ മൂല കഥാപാത്രങ്ങളിൽ നിന്ന് തീർച്ചയായും വളരെ അകലെയാണ് നിൽക്കുന്നത്. വ്യാസഭാരതത്തിന്റെ ആസ്വാദകനായിരുന്ന മാരാരുടെ മേലുള്ള ഒരു ഭഗ്നിഷ്ടി ചിന്തിച്ചാൽ പോലും സാദൃശ്യമില്ലാത്ത ഉത്കൃഷ്ടലക്ഷണങ്ങൾ ബാലകൃഷ്ണന്റെ കൃതിയുടെ, മുഴച്ചുനിൽക്കുന്ന ന്യൂനത. ദീർഘദീർഘങ്ങളായ ആത്മഗതങ്ങളും പുരാവൃത്തകഥനങ്ങളും ദാർശനിക പ്രപഞ്ചനങ്ങളും ഒക്കെ ചേർന്ന് നോവൽ എന്ന സങ്കല്പത്തിൽ നിന്നും അതിനെ ദൂരം മാറ്റി നിർത്തുകയും ചെയ്യുന്നു. ഇതിഹാസത്തിന്റെ പുനരാഖ്യാനമോ നോവലോ അല്ലാത്ത ഒരു കൃതിയായി ഫലത്തിൽ അതു പരിണമിച്ചിരിക്കുന്നു.

ഇ. അഞ്ചാം റാങ്ക് (Fifth Rank)

(1) കൃതിയുടെ പേര് — ഗ്രന്ഥകർത്താവിന്റെ പേര്

അക്ഷരം — ഒ. എൻ. വി. കുറുപ്പ്

[illegible] [illegible]

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും.

'വിപ്ലവ' കവിതകളിൽക്കൂടിയും, നാടൻ പാട്ടുകളുടെ ശൈലിയിലെഴുതപ്പെട്ട ലളിതങ്ങളായ ഭാവഗാനങ്ങളിൽ കൂടിയുമാണ് ഒ. എൻ. വി. യുടെ കാവ്യജീവിതം കാൽനൂറ്റാണ്ടിനുമുമ്പ് വെളിച്ചം കണ്ടത്. ചങ്ങമ്പുഴ പ്രസ്ഥാനം കവിതാരംഗത്തു പ്രാഭവം ചെലുത്തിയിരുന്ന കാലത്ത് അദ്ദേഹമെഴുതിയ കവിതകളിലെല്ലാം ചങ്ങമ്പുഴസ്കൂളിന്റെ സ്വാധീനം തെളിഞ്ഞുകാണാം. പിൽക്കാലത്ത്, കവിയുടെ പരിപ്രേക്ഷ്യത്തിൽ തന്നെ രൂപഭാവങ്ങളിലും സാരവത്തായ ഒരു വ്യതിയാനം വരുത്തി; വികാരോദ്ദീപനപരങ്ങളും ഏകരൂപങ്ങളുമായ ഭാവഗാനങ്ങൾ, മനുഷ്യഹൃദയത്തിന്റെ സൂക്ഷ്മങ്ങളും നിഗൂഢങ്ങളുമായ ഭാവങ്ങളാവിഷ്കരിക്കുന്ന പ്രജ്ഞാപരങ്ങളായ കവിതകൾക്കു വഴിമാറി. ഉത്കൃഷ്ടങ്ങളായ വിപ്ലവാഹ്വാനങ്ങൾ കെട്ടടങ്ങി. കവിയുടെ പ്രപഞ്ചം ഏറെ വിശാലവും സങ്കീർണ്ണവുമായി. അതോടൊപ്പം അദ്ദേഹത്തിന്റെ കാവ്യശൈലിയും നവംനവങ്ങളായ സംവേദനങ്ങളാവിഷ്കരിക്കാൻ പര്യാപ്തമായ വിധം ചടുലവും ദീപ്തികാന്തവുമായി. ഭാവവും ഭാഷയും ബിംബവും സംഗീതവും ഏറെ ഇണങ്ങി പരസ്പരാനുബദ്ധമായി.

പ്രമേയങ്ങളുടെ സ്വഭാവത്തിലും ശൈലിയിലും രൂപശില്പത്തിലും വന്ന ഈ പരിണാമങ്ങൾക്കിടയിലും ഒ. എൻ. വി. കവിതയുടെ അടിസ്ഥാനപരമായ ചില പ്രത്യേകതകൾ മാറ്റം കൂടാതെ നിലനിന്നിട്ടുണ്ട് — ജീവിതത്തോടുള്ള സഹതാപാർദ്രമായ സമീപനം, മനുഷ്യചേതനയുടെ പ്രതിരോധിക്കാനാവാത്ത ഭാവങ്ങളെ അറിയുന്ന ആവേശം, പ്രകൃതിയുടെ അനന്തവിസ്തൃതമായ പ്രപഞ്ചത്തോടുള്ള തീവ്രമായ മമതാബന്ധം, ഇതെല്ലാം "അക്ഷര"ത്തിൽ തെളിഞ്ഞുകാണാം. പദങ്ങളെ, തന്നെ പഴയ കവിപ്രിയ കാല്പനിക പാരമ്പര്യത്തിൽ പെട്ട — ശൈലിയിലും സമീപനത്തിലും — വക്രതിവിന്യാസം ചെയ്യുന്നു: 'ബസ്സു കാത്ത്,' 'തൈപ്പറക്കാലം,' 'ഉപ്പ്' എന്നിവ ഉദാഹരണം.

ഒപ്പ് [signature]

പേര് സി. പി. നായർ,

മേൽവിലാസം ഡെപ്യൂട്ടി ചെയർമാൻ,
കൊച്ചിൻ പോർട്ട് ട്രസ്റ്റ്,
കൊച്ചി — ൬൮൨ ൦൦൩